**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 645** **05-10-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ഉല്പാദനവും ഉപഭോഗവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആഭ്യന്തര വൈദ്യുതി ഉല്പാദനവും ഉപഭോഗവും കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ഓരോ വർഷവും എത്ര ദശലക്ഷം യൂണിറ്റായിരുന്നുവെന്ന് വിശദമാക്കമോ; | (എ) | കഴിഞ്ഞ 5 വർഷങ്ങളിൽ ഓരോ വർഷത്തെയും സംസ്ഥാനത്തെ ആഭ്യന്തര വൈദ്യുതി ഉല്പാദനവും ഉപഭോഗവും സംബന്ധിച്ച കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനം കുറവും ഉപഭോഗം കൂടുതലും ആയ സാഹചര്യത്തിൽ വർദ്ധിച്ചുവരുന്ന ആവശ്യകത കണക്കിലെടുത്ത് വൻകിട വൈദ്യുത പദ്ധതികൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികളാണ്. വിശദവിവരം നൽകാമോ; | (ബി) | വലിയ ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കുന്നത് പരിഗണനയിലുണ്ട്. നിലവിൽ വലിയ ജലവൈദ്യുത പദ്ധതികളായ പള്ളിവാസൽ (60MW), തോട്ടിയാർ (40 MW) എന്നീ പദ്ധതികളുടെ പണികൾ പുരോഗമിച്ചു വരുന്നു. കൂടാതെ മാങ്കുളം (40 MW) ജലവൈദ്യുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ദർഘാസ് ഉടനെ ക്ഷണിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിനു പുറമേ ഇടുക്കി എക്സ്റ്റൻഷൻ പദ്ധതി പരിഗണനയിലുണ്ട്. 780 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള പദ്ധതി സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക സാധ്യതാ പഠനം നടത്തി, പദ്ധതി രൂപ രേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾക്ക് വാപ്കോസ്, ന്യൂഡൽഹിക്ക് കരാർ നൽകിയിട്ടുണ്ട്. |
| (സി) | ഇതര സംസ്ഥാനങ്ങൾ, കേന്ദ്രപൂൾ എന്നിവയിൽ നിന്നും പ്രതിവർഷം എത്ര ദശലക്ഷം യൂണിറ്റ് വൈദ്യുതി വിലയ്ക്കുവാങ്ങുന്നുവെന്നും പ്രതിവർഷം ഇതിനായി നൽകുന്ന തുക എത്രയെന്നും വിശദമാക്കാമോ? | (സി) | 2020-21 സാമ്പത്തിക വർഷം ഇതര സംസ്ഥാനങ്ങളിലുള്ള ജനറേറ്റിംഗ് സ്റ്റേഷനുകളിൽ നിന്നു ദീർഘകാല കരാറുകൾ മുഖേന 8104.65 MU വൈദ്യുതിയും, ഹ്രസ്വകാല കരാറുകൾ മുഖേന 1 67.02 MU വൈദ്യുതിയും വാങ്ങിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ ഇതര സംസ്ഥാനങ്ങളിലെ ഉത്പാദന നിലയങ്ങളിൽ നിന്നും വൈദ്യുതി വാങ്ങുന്നതിനായി ദീർഘകാല കരാർ വഴി 3126.88 കോടി രൂപയും ഹ്രസ്വകാല കരാർ വഴി 65 കോടി രൂപയും, കേന്ദ്ര പൂൾ വഴി 3691.10 കോടി രൂപയും ഇതിനായിട്ടുള്ള പ്രസരണ ചാർജ്ജ് ഇനത്തിൽ 618.78 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

| വർഷം | ആഭ്യന്തര ഉല്പാദനം (MU) | ഉപഭോഗം (MU) |
|---|---|---|
| 2016-17 | 4599.0903 | 23815.132 |
| 2017-18 | 5861.7325 | 24369.519 |
| 2018-19 | 7982.8647 | 24934.889 |
| 2019-20 | 6184 | 26266.045 |
| 2020-21 | 7637.83 | 25145.94 |